# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1098** **06.02.2020 ൽ മറുപടിക്ക്**

**വാഴക്കോട്-പ്ലാഴി റോഡ് പുനരുദ്ധാരണം**

| ചോദ്യം<br>ശ്രീ.യു.ആർ.പ്രദീപ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) റീബിൽഡ് കേരള ഇനിഷിയേറ്റീവ്(ആർ.കെ.ഐ.) പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിന് ഉത്തരവായതും കെ.എസ്.ടി.പി. നിർവ്വഹണ ചുമതല വഹിക്കുന്നതുമായ ചേലക്കര നിയോജക മണ്ഡലത്തിലെ വാഴക്കോട്-പ്ലാഴി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) റീബിൽഡ് കേരള ഇനിഷിയേറ്റീവ് (ആർ.കെ.ഐ) പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിന് ഉത്തരവായതും കെ.എസ്.റ്റി.പി നിർവ്വഹണ ചുമതല വഹിക്കുന്നതുമായ ചേലക്കര നിയോജക മണ്ഡലത്തിലെ വാഴക്കോട് - പ്ലാഴി റോഡിന്റെ പുനർ നിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി M/s. Louis Berger consulting Pvt. Ltd.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഈ പ്രവർത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി എന്നത്തേയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ) മാർച്ച് മാസത്തോടെ പൂർത്തിയാകുന്നതാണ്. ആയതിനുശേഷം ജർമ്മൻ ബാങ്കിന്റെ അംഗീകാരത്തോടെ 2020 മെയ് മാസത്തോടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് 2020 ജൂൺ മാസത്തോടെ പ്രവൃത്തികൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ